പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3825 — 19.02.2013 ൽ മറുപടിക്ക്

## കസ്റ്റഡി മർദ്ദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>'' ബാബു എം. പാലിശ്ശേരി<br>'' സാജു പോൾ<br>'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് അന്വേഷണങ്ങളുടെ ഭാഗമായി കസ്റ്റഡിയിൽ എടുക്കുന്നവരെ മർദ്ദിക്കുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പോലീസ് അന്വേഷണങ്ങളുടെ ഭാഗമായി കസ്റ്റഡിയിൽ എടുക്കുന്നവരെ മർദ്ദിച്ചതായിട്ടുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഇത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടല്ല, നിയമലംഘനമായിട്ടാണ് കാണുന്നത് |
| (ബി) പോലീസ് കസ്റ്റഡിയിൽ ഭീകരമർദ്ദനങ്ങൾക്ക് ഇരയായതു സംബന്ധിച്ച പരാതികൾ ഉണ്ടായിട്ടുണ്ടോ; നിലവിലുള്ള എത്ര കേസുകളിൽ ഇത്തരത്തിൽ പരാതികൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) 6 കേസുകളിൽ |
| (സി) പ്രാകൃതമായ മൂന്നാംമുറകളും മറ്റും പ്രയോഗിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഔദ്യോഗിക കൃത്യനിർവ്വഹണനിയമത്തിന്റെ സംരക്ഷണം നൽകുന്നുണ്ടോ; | (സി) ഇല്ല. |
| (ഡി) പോലീസ് കസ്റ്റഡിയിൽ മരണമോ പരിക്കോ സംഭവിച്ച എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് കസ്റ്റഡിയിൽ മരണം സംഭവിച്ച് മൂന്ന് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ രണ്ടെണ്ണം ആത്മഹത്യയും ഒരെണ്ണം അസുഖം മൂലമുള്ള മരണവുമായിരുന്നു. പരിക്ക് പറ്റിയ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ